## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1951** — **06.07.2015-ന് മറുപടിക്ക്**

### പരിസ്ഥിതി സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ, (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) പാരിസ്ഥിതികാവബോധം പൊതുജനങ്ങളിൽ വളർത്തുന്നതിനായി പരിസ്ഥിതി വകുപ്പ് കൊക്കൊണ്ട നടപടികൾ വിശദീകരിക്കാമോ; | (എ) കോളേജുകളിൽ പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധവും പരിസ്ഥിതി സംരക്ഷണത്തിനുള്ള ജാഗ്രതയും വളർത്തുന്നതിന് ഭൂമിത്ര സേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ വിവിധ കോളേജുകളിലായി ഇന്ന് 286 ഭൂമിത്ര സേന ക്ലബ്ബുകൾ നിലവിലുണ്ട്. പരിസ്ഥിതി വിദ്യാഭ്യാസവും ബോധവൽക്കരണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പാരിസ്ഥിതികം എന്ന പരിസ്ഥിതി ബോധവൽക്കരണ പരിപാടി 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതര സംഘടനകൾ എന്നിവയെ ലക്ഷ്യമാക്കിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി എന്തെല്ലാം വൻകിട പദ്ധതികളുടെ അപേക്ഷകളാണ് പരിഗണനയ്ക്കായുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) വൻകിട പദ്ധതിയ്ക്ക് അനുമതി നൽകുന്നത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ് 2006-ലെ പാരിസ്ഥിതിക ആഘാത നിർണ്ണയ വിജ്ഞാപന പ്രകാരം 'ബി' കാറ്റഗറിയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതിക അനുമതി നൽകുന്നത് കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം സ്ഥാപിതമായ സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി (SEIAA) ആണ്. |
| (സി) ആയത് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (സി) 'ബി' കാറ്റഗറിയിൽ ഉൾപ്പെടുന്ന പദ്ധതികൾക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി കേന്ദ്രവിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി-കളുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇത്തരം കാര്യങ്ങൾ പൂർണ്ണമായും അതോറ്റിയുടെ അധികാരപരിധിയിൽ വരുന്നകാര്യമാണ്. |

സെക്ഷൻ ഓഫീസർ